"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ്- LID&EW- ജീവനക്കാര്യം- ശ്രീമതി. അഹ്ന മനോഹറിന്റെ (PEN: 856941), അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിലെ നിരീക്ഷണകാലം ദീർഘിപ്പിച്ച്- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇഡബ്ല്യുബി) വകുപ്പ്**

സ.ഉ.(സാധാ) നം.1060/2026/LSGD തീയതി,തിരുവനന്തപുരം, 27-05-2026

---

പരാമർശം:-

1. അഡീഷണൽ ഡയറക്ടറുടെ, 07.05.2026-ലെ LSGD/PD/10419/2026-DEH5 നമ്പർ നടപടിക്രമം.
2. പ്രിൻസിപ്പൽ ഡയറക്ടറുടെ, 15.05.2026-ലെ LSGD/PD/10419/2026-DEH5 നമ്പർ കത്ത്.

**ഉത്തരവ്**

തദ്ദേശ സ്വയംഭരണ വകുപ്പ് എഞ്ചിനീയറിംഗ് വിഭാഗത്തിലെ അസിസ്റ്റന്റ് എഞ്ചിനീയർ, ശ്രീമതി. അഹ്ന മനോഹറിന്റെ നിരീക്ഷണകാലം ദീർഘിപ്പിച്ചു നൽകുന്നതിനായി പരാമർശം (2) പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ പ്രപ്പോസൽ സമർപ്പിക്കുകയുണ്ടായി. ശ്രീമതി. അഹ്ന മനോഹർ, 11.03.2019 പൂർവ്വാഹ്നത്തിൽ അസിസ്റ്റന്റ് എഞ്ചിനീയറായി സേവനത്തിൽ പ്രവേശിച്ചിട്ടുള്ളതാണ്. നിരീക്ഷണകാലം പൂർത്തീകരിച്ചതായി പ്രഖ്യാപിക്കുന്നതിന്, നിർദ്ദിഷ്ട വകുപ്പുതല പരീക്ഷ പാസ്സായിരിക്കണം എന്ന നിബന്ധന, ടിയാൾ യഥാസമയം പാലിച്ചിട്ടില്ലാത്തതാണ്. ടിയാൾ പാസ്സായിട്ടുള്ള നിർബന്ധിത വകുപ്പുതല പരീക്ഷ ഉൾപ്പെടുന്ന ശ്രേണിയിലെ അവസാന പരീക്ഷ നടന്നിട്ടുള്ളത് 30.10.2025-ലാണ്. ടിയാളുടെ പ്രൊബേഷൻ, 11.03.2021 മുതൽ 10.03.2022 വരെ ഒരു വർഷ കാലയളവിലേയ്ക്കു പരാമർശം (1) പ്രകാരം ദീർഘിപ്പിച്ചു നൽകിയിട്ടുണ്ട്. നിരീക്ഷണ കാലയളവിൽ ടിയാളുടെ സേവനവും സ്വഭാവവും തൃപ്തികരമാണെന്നും ടിയാൾക്കെതിരെ വിജിലൻസ് നടപടികളോ അച്ചടക്കനടപടികളോ നിലവിലില്ലെന്നും പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ടു ചെയ്തിട്ടുണ്ട്.

2) സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. പരാമർശം (2)-ലെ ശിപാർശയുടെ അടിസ്ഥാനത്തിൽ ശ്രീമതി. അഹ്ന മനോഹറിന്റെ (PEN: 856941) പ്രൊബേഷൻ 31.10.2025 പൂർവാഹ്നത്തിൽ തൃപ്തികരമായി പൂർത്തീകരിച്ചതായി അന്നേദിവസം പ്രഖ്യാപിക്കുവാൻ സാധിക്കത്തക്കവിധം, ടിയാളുടെ അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിലെ നിരീക്ഷണ കാലയളവ്, 1958-ലെ കെ.എസ്&എസ്.എസ്.ആർ ഭാഗം II, ചട്ടം 21 പ്രകാരം, 11.03.2022 മുതൽ 01.11.2025 വരെ ദീർഘിപ്പിച്ചു നൽകി ഉത്തരവു പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

DIPUKUMAR S L
അണ്ടർ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
ശ്രീമതി. അഹന മനോഹർ (PEN: 856941), അസിസ്റ്റന്റ് എഞ്ചിനീയർ (തസ്വഭവ പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ ഓഡിറ്റ്) കേരള, തിരുവനന്തപുരം
എക്സിക്യൂട്ടിവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
വിവര പൊതുജനസമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ/ ഓഫീസ് പകർപ്പ് (EWB2/149/2026-LSGD)

ഉത്തരവിൻ പ്രകാരം

Signed by
Keerthi I P
Date: 27-05-2026 14:33:51
സെക്ഷൻ ഓഫീസർ